"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കൊച്ചി കോർപറേഷൻ VC 05/2025/CRE നമ്പർ വിജിലൻസ് കേസ്- കൈക്കൂലി വാങ്ങുന്നതുമായി ബന്ധപ്പെട്ട പരതിയെ തുടർന്നുള്ള വിജിലൻസ് ട്രാപ്കേസിൽ അറസ്റ്റിലായ വൈറ്റില സോണൽ ഓഫീസിലെ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി സ്വപ്ന എ.-യെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1233/2025/LSGD തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം:- തദ്ദേശ സ്വയംഭരണ വകപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.25 ലെ LSGD/PD/13844/2025-VIGC4 നമ്പർ കത്തും അനുബന്ധമായ വിജിലൻസ് സെൻട്രൽ റേഞ്ച് എറണാകുളം DySP യുടെ 02.05.25-ലെ VC 05/2025/CRE നമ്പർ കത്തും കൊച്ചി കോർപറേഷൻ മേയറുടെ 02.05.25-ലെ ISO/PD8/1922/22 നമ്പർ നടപടിഉത്തരവും

**<u>ഉത്തരവ്</u>**

കൊച്ചി മുനിസിപൽ കോർപറേഷൻ വൈറ്റില സോണൽ ഓഫീസ് എഞ്ചിനിയറിംഗ് വിഭാഗം ബിൽഡിംഗ് ഇൻസ്പെക്ടറായ ഒന്നാം ഗ്രേഡ് ഓവർ സിയർ ശ്രീമതി സ്വപ്ന എ.- യ്ക്കെതിരെ ഒരു സുരേഷ് കെ. എസ്- ന്റെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയ്ക്ക് കൈക്കൂലി ആവശ്യപ്പെട്ടു എന്ന പരാതിയിൽ പ്രാഥമിക അന്വേഷണം നടത്തി Section 7(a) Prevention of Corruption Act 1988 (as amemded in 2018) പ്രകാരം VC 05/2025/CRE നമ്പർ വിജിലൻസ് കേസ് 30/04/2025 ഉച്ചയ്ക്ക് 1.15-ന് രജിസ്ററർ ചെയ്യുകയും അന്നേ ദിവസം തന്നെ ഒരുക്കിയ വിജിലൻസ് ട്രാപ്പിൽ 15000/-രൂപ കൈക്കൂലി വാങ്ങുമ്പോൾ രാത്രി 10.30-ന് വിജിലൻസ്, എറണാകുളം സെൻട്രൽ റേഞ്ച് യൂണിറ്റ് ടിയാളെ അറസ്റ്റ് ചെയ്തു എന്നും 01.05.25-ൽ വിജിലൻസ് കേസുകൾക്കായുള്ള ബഹു.എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതി, തൃശ്ശൂർ മുമ്പാകെ ഹാജരാക്കിയതിൽ ബഹു.കോടതി ടിയാളെ 14 ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്യുവാൻ ഉത്തരവാകുകയും ചെയ്തതായി റിപ്പോർട്ട് ലഭ്യമായതിനാൽ കൊച്ചി കോർപറേഷൻ മേയർ ടിയാൾക്കെതിരെ നടപടിയെടുക്കുകയുണ്ടായി എന്നു പരാമർശപ്രകാരം തദ്ദേശ സ്വയംഭരണ വകപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. വിജിലൻസ് കേസ്/ ട്രാപ് കേസുകളിൽ കുററാരോപിതരാവുന്ന ഉദ്യോഗസ്ഥർക്കെതിരെ വകപ്പുതല നടപടി സർക്കാർ തലത്തിൽ തുടരേണ്ടതുള്ളതിനാൽ കൈക്കൂലി വാങ്ങുമ്പോൾ വിജിലൻസ് ട്രാപ് കേസിൽ 30/04.2025 രാത്രി 10.30-ന് അറസ്റ്റ് ചെയ്യപ്പെട്ട കൊച്ചി മുനിസിപൽ കോർപറേഷൻ വൈറ്റില സോണൽ ഓഫീസ് എഞ്ചിനിയറിംഗ് വിഭാഗം ബിൽഡിംഗ് ഇൻസ്പെക്ടറായ ഒന്നാം ഗ്രേഡ്

ഓവർസിയർ ശ്രീമതി സ്വപ്ന എ. (PEN:799319)-യെ 30/04/2025AN പ്രാബല്യത്തിൽ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയൾക്ക് കെ.എസ്.ആർ. ഭാഗം 1 ചട്ടം 55 പ്രകാരം ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിയ്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
#ApprovedByDesignatio

1. ശ്രീമതി സ്വപ്ന എ(PEN:799319)., ഒന്നാം ഗ്രേഡ് ഓവർസിയർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (വൈറ്റില സോണൽ ഓഫീസ് എഞ്ചിനിയറിംഗ് വിഭാഗം ബിൽഡിംഗ് ഇൻസ്പെക്ടർ (ത.സ്വ.ഭ.വ. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. വിജിലൻസ് വകുപ്പ്
3. തദ്ദേശ സ്വയംഭരണ (EWB)വകുപ്പ്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ
5. സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
7. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Asha. R**
**Date: 21-05-2025 11:08:21**

സെക്ഷൻ ഓഫീസർ